(32) ജയിൽപുള്ളികൾക്ക് രക്ഷാബന്ധൻ കെട്ടിയതു സംബന്ധിച്ച്

ശ്രീ. എം. വി. രാഘവൻ: സർ, തിരുവനന്തപുരം സെൻട്രൽ ജയിലിൽ നടന്നിട്ടുള്ള ഒരു സംഭവം ഞാൻ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീകൃഷ്ണ ജയന്തിദിനമായ സെപ്റ്റംബർ 7—ാം തീയതി ജയിൽ സൂപ്രണ്ടിന്റെ ഉത്തരവോടുകൂടി (ലെറ്റർ നമ്പർ ജി. 2/24386/85 ഡേറ്റഡ് 24-8-85, ജയിൽ ഐ. ജി. അയച്ചിട്ടുള്ള ഉത്തരവാണ്.) പതിനഞ്ചോളം വരുന്ന ആർ. എസ്. എസ്. പ്രവർത്തകൻമാർ തിരുവനന്തപുരം സെൻട്രൽ ജയിലിൽ പോവുകയും എല്ലാ മതത്തിൽപ്പെട്ടിട്ടുള്ള ആളുകൾക്കും ആർ. എസ്. എസ്. കാർ ഒരു നൂലു കെട്ടിക്കൊടുത്തു എന്നുമാണ് പറയുന്നത്. ഇത് ഗവൺമെൻറിന്റെ ഉത്തരവനുസരിച്ചാണോ? അല്ലെങ്കിൽ ഐ. ജി. എങ്ങനെയാണ് ഈ ഉത്തരവ് കൊടുത്തത്? ഇത് സംബന്ധിച്ച് ജനയുഗം പത്രത്തിൽ 11-ാം തീയതി ഒരു മുഖപ്രസംഗവും എഴുതി. അതുകൊണ്ട് ഇത് ഏതടിസ്ഥാനത്തിലാണ് ചെയ്തത്. ഇത് ഒരു മതേതര ഭൗതിക രാഷ്ട്രമാണ്. മതേതര ഭൗതിക രാഷ്ട്രത്തിൽ തടവിൽക്കഴിയുന്ന ആളുകളുടെ അടുത്ത് പോകുകയും നിർബന്ധമായി അവരെ 'രക്ഷാബന്ധൻ' കെട്ടിക്കുകയുമാണ് ചെയ്തത്. ഐ. ജി. യുടെ ആഫീസിലുള്ള സീനിയർ സൂപ്രണ്ട്, ഡ്രിൽ ഇൻസ്പെക്ടർ തുടങ്ങിയവർ തടവുകാരെ നിർബന്ധിച്ചു എന്നാണ് പറയുന്നത്. വ്യത്യസ്ത മതത്തിൽപ്പെട്ടവർ അതിനെത്തുടർന്ന് കുഴപ്പമുണ്ടാക്കി; സംഘർഷമുണ്ടാകുന്ന ഒരു സ്ഥിതിയാണ് അവിടെയുള്ളത്. ഐ. ജി. യുടെ ഉത്തരവോടുകൂടിയാണ് ഇത് ചെയ്തത്. എന്താണ് ഇതിന്റെ അർത്ഥം? ആർ. എസ്. എസ്. പോലെയുള്ള ഹിന്ദു വർഗ്ഗീയ സംഘടനകൾക്ക് തടവറയിൽ കിടക്കുന്ന എല്ലാ ആളുകളുടെയും മറ്റുമതത്തിൽപ്പെട്ടവരെയും ഇതിൽ വിശ്വാസമില്ലാത്തവരെകൂടി നിർബന്ധിക്കാൻ വേണ്ടി ആരാണ് നേതൃത്വം കൊടുത്തതെന്ന് ഗവൺമെൻറ് വ്യക്തമാക്കണമെന്ന് അപേക്ഷിക്കുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഇങ്ങനെ ഒരു റിപ്പോർട്ടു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻ ഞാൻ തന്നെ അതന്വേഷിക്കാൻവേണ്ടി ഉത്തരവുകൊടുക്കുകയുണ്ടായി. ഗവൺമെൻറിന്റെ അറിവിൽപ്പെടാതെ ഐ. ജി. യാണ് ഉത്തരവ് കൊടുത്തതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കൂടുതൽ നടപടികൈക്കൊള്ളുന്നതിനായി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(33) ബസ്സപകടത്തിൽപ്പെട്ട അംഗനവാടി വർക്കർമാർക്ക് ധനസഹായം

ശ്രീമതി കെ. ആർ. ഗൗരി: സർ, കഴിഞ്ഞ ജൂലൈ 8—ാം തീയതി അംഗനവാടി വർക്കർമാരും ജോലിക്കാരും സെക്രട്ടേറിയറ്റിനു മുമ്പിൽ പ്രകടനം നടത്താൻ വന്നപ്പോൾ പട്ടണക്കാട് ബ്ലോക്കിൽനിന്ന് വന്നിട്ടുള്ളതായ ഒരു വണ്ടി ആറ്റിങ്ങലിനു വടക്കുവശത്തുവച്ച് മറിയുകയുണ്ടായി. അതിൽ പരിക്കുപറ്റിയ ആളുകളെ ആറ്റിങ്ങൽ ആശുപത്രിയിൽ കൊണ്ടുവന്നു. കുറെആളുകളെ പ്രാഥമികമായ ചികിൽസ കൊടുത്തു വിട്ടയയ്ക്കുകയും ബാക്കി 34-ൽപ്പരം ആളുകളെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ഉണ്ടായി. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആളുകൾക്ക് ഗവൺമെൻറിൽനിന്നും സഹായം കിട്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനു വേണ്ടിയുള്ള അപേക്ഷ കൊടുത്തു. പക്ഷെ അപേക്ഷ കെടുത്തു കഴിഞ്ഞശേഷം മനസ്സിലാക്കാൻ കഴിഞ്ഞത്, ആറ്റിങ്ങൽ പോലീസ് എഫ്. ഐ. ആറോ അതുപോലെതന്നെ ചാർജ് ഷീറ്റോ കൊടുത്തിട്ടില്ലായെന്നാണ്. എഫ്. ഐ. ആർ. കൊടുക്കാത്തതുകൊണ്ട് അവർക്ക് ഗവൺമെന്റിൽനിന്ന് കിട്ടേണ്ട സഹായം കിട്ടാനോ ക്ലെയിം പെറ്റീഷൻ കൊടുക്കുന്നതിനോ നിവൃത്തിയില്ലാതെ വന്നതിന്റെ അടിസ്ഥാനത്തിൽ ബുദ്ധിമുട്ടുകയാണ്.

അതിൽ ഒരു കുട്ടിയുടെ കഴുത്തിന്റെ എല്ല് ഒടിഞ്ഞുപോയി. പതിനഞ്ച് കുട്ടികളുടെ കയ്യുടേയും തോളിന്റേയും എല്ല് ഒടിഞ്ഞു പോയി. ഡ്രൈവർ ഇട്ടുകൊണ്ടാണ് അവർ ജോലിക്കു പോകുന്നത്. രണ്ടുമാസമായിട്ടും എഫ്. ഐ. ആർ. കൊടുത്തിട്ടില്ല. പലപ്പോഴും ആറ്റിങ്ങൽ പോലീസിനെ സമീപിച്ചെങ്കിലും ഇതുവരെ പോലീസ് എഫ്. ഐ. ആർ. കൊടുക്കാൻ മെനക്കെടുകയോ ചാർജ്ജ്ഷീറ്റ് കൊടുക്കുകയോ അതിന്റെതായ പ്രവർത്തി ചോദിച്ചിട്ട് തിരികയോ ചെയ്യാത്തതിന്റെ ഫലമായി ഇന്ന് ഇത് വാങ്ങിക്കാൻ നിവർത്തിയില്ലാതെവന്നിരിക്കുകയാണ്. മുകളിൽനിന്ന് എന്തോ നിർദ്ദേശമുണ്ട്. ബസ്സുകാരെ സാഹയിക്കാനാണെന്നാണ് പറയുന്നത്. ഏതായാലും ഈ കാര്യത്തിൽ വേഗം നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിന് സഹായം കിട്ടണം, ക്ലെയിം പെറ്റീഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ബസ്സുകളെ വാടകയ്ക്ക് എടുത്തത് സമരത്തിന് വന്നവരാണ്. ശ്രീമതി ഗൗരിയമ്മയുടെ സഹായത്തോടുകൂടി ആയിരിക്കാം ഒരുപക്ഷേ ബസ്സുകളെ വാടകയ്ക്ക് എടുത്തത്. ബസ്സുകാരെ ഗവൺമെന്റിനെയാതൊരു പരിചയപ്പെടുമില്ല. ശ്രീമതി ഗൗരിയമ്മയ്ക്ക് എഫ്. ഐ. ആർ. കൊടുക്കുന്നതിനെപ്പറ്റി അറിയാം. ഗൗരിയമ്മയ്ക്ക് അറിവില്ലാത്ത കാര്യങ്ങളെപ്പറ്റി ദുഃസൂചന വേണ്ടെന്ന് മാത്രമേ പറയാനുള്ളു. ഏത് അടിസ്ഥാനത്തിൽ ആണെന്ന് എനിക്ക് അറിയില്ല. സമരക്കാർ വന്നു എഫ്. ഐ. ആർ. കൊടുത്തിട്ടുണ്ട്. ചാർജ്ജ്ഷീറ്റ് കൊടുക്കണമെങ്കിൽ എ. പി. പി. യെ കാണിക്കണം. ചാർജ്ജ്ഷീറ്റ് എ. പി. പി. യുടെ കയ്യിൽ കൊടുത്തിട്ട് കുറെദിവസമായി. എ. പി. പി. യുടെ അപ്രൂവലോടുകൂടിവേണം ചാർജ്ജ്ഷീറ്റ് കൊടുക്കാൻ. ചാർജ്ജ്ഷീറ്റ് തയ്യാറാക്കി എ. പി. പി. യെ ഏല്പിച്ചിട്ട് തിരിച്ച് കിട്ടാത്തുകൊണ്ടാണ് കോടതിയിൽ പോകാത്തത്. ഇതുപോലുള്ള കേസ്സുകളിൽ പ്രോസിക്യൂട്ടറെ കാണിച്ച് അദ്ദേഹത്തിന്റെ അപ്രൂവൽ വാങ്ങിച്ചിട്ടാണ് കൊടുക്കാറുള്ളത്. എന്റെ കയ്യിൽ കിട്ടിയിരിക്കുന്ന വിവരം അനുസരിച്ച് ചാർജ്ജ്ഷീറ്റ് തയ്യാറാക്കി എ. പി. പി. യുടെ കയ്യിൽ കൊടുത്തിട്ടുണ്ട്. പോലീസ്സിന് ധാരാളം ജോലികളുണ്ട്. ഇൻഷ്വറൻസ്, ആഫീസ്സിൽ കൊടുക്കാൻ വേണ്ടി ഇതിന്റെ കോപ്പി ആരും ചോദിച്ചിട്ടില്ല. ചോദിച്ചാൽ 24 മണിക്കൂറിനകം കൊടുക്കാം.

(34) മട്ടാഞ്ചേരിയിലെ തൊഴിലാളി കുടുംബങ്ങളുടെ പാർപ്പിട സൗകര്യം

ശ്രീ. കെ. എം. ഹംസക്കുഞ്ഞ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ പകലന്തിയോളം കഷ്ടപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly